**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2066** | **09-12-2022 - ൽ മറുപടിയ്ക്ക്**

**വാഹന അപകടങ്ങൾ ഒഴിവാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഷാഫി പറമ്പിൽ** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | അവിനാശി-വടക്കഞ്ചേരി ബസ് അപകങ്ങളുടെ പശ്ചാത്തലത്തിൽ എന്തെല്ലാം ജാഗ്രതാ നടപടികളാണ് പ്രത്യേകമായി നടപ്പിലാക്കിയിട്ടുള്ളത്; ഇത്തരത്തില്ലുള്ള വാഹന അപകടങ്ങൾ ഒഴിവാക്കുന്നതിന് ഇപ്പോൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (എ) | വടക്കഞ്ചേരി ബസ് അപകടത്തിന്റെ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന നടപടികൾ മോട്ടോർ വാഹന വകുപ്പിൽ സ്വീകരിച്ചിട്ടുണ്ട്.<br><br>കോൺട്രാക്ട് കാര്യേജുകൾ, സ്റ്റേജ് കാര്യേജുകൾ എന്നീ വാഹനങ്ങളിലെ നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനായി 07/10/2022 മുതൽ 30/10/2022 വരെ "ഓപ്പറേഷൻ ഫോക്കസ്-3", എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയുണ്ടായി. പ്രസ്തുത ഡ്രൈവിൽ 13587 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും 46,08,930/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. 682 വാഹനങ്ങളുടെ ഫിറ്റ്നസ് റദ്ദുചെയ്യുകയും, 287 ഡ്രൈവിംഗ് ലൈസൻസുകൾക്ക് അയോഗ്യത കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം നിയമലംഘനങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ഒരു ത്രിതല പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം ഓരോ ജില്ലയിലും ആകെ നിലവില്ലുള്ള കോൺട്രാക്ട് കാര്യേജുകളുടെയും സ്റ്റേജ് കാര്യേജുകളുടെയും എണ്ണം കണക്കാക്കി എം.വി.ഐ/ എ.എം.വി.ഐ. മാർക്ക് കൃത്യമായി വീതിച്ചു നൽകുകയും, ഇങ്ങനെ പരിശോധന നടത്തിയിട്ടുള്ള വാഹനങ്ങൾ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ സ്ക്വാഡുകൾ നടത്തുന്ന കൺട്രോൾചെക്കിംഗിലും, ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ നടത്തുന്ന സൂപ്പർ ചെക്കിംഗിലും നിയമലംഘനങ്ങൾ നടത്തുന്നതായി കണ്ടെത്തിയാൽ പ്രാഥമിക ഘട്ടത്തിൽ പരിശോധന നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ (എം.വി.ഐ/ എ.എം.വി.ഐ.) അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്.<br><br>അതു പോലെ തന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിനോദയാത്ര പുറപ്പെടുന്നതിനു മുമ്പായി |

വിവരം ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ അറിയിച്ച് വാഹനവും, ഡ്രൈവറും പരിശോധനയ്ക്ക് വിധേയമാക്കി പരിശോധനാ സാക്ഷ്യപത്രം ലഭിച്ചതിന് ശേഷം മാത്രമേ യാത്ര തുടങ്ങാവൂ എന്ന് വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

2020- ലെ അവിനാശി ബസ് അപകടത്തെ തുടർന്ന് കേരള റോഡ് സുരക്ഷാ അതോറിറ്റി തുടർ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി 25.02.2020 ന് ഒരു യോഗം ചേരുകയും വാഹനാപകടങ്ങൾ ഒഴിവാക്കുന്നത് ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതുമാണ്. പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ അനുബന്ധമായി നൽകുന്നു.

വടക്കൻഞ്ചേരി അപകടത്തെ തുടർന്ന്, ഇത്തരം അപകടങ്ങൾ ഇനി ആവർത്തിക്കാതിരിക്ക ന്നതിന് ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ കെ.ആർ.എസ്.എ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

- കഴിഞ്ഞ മൂന്നു വർഷക്കാലങ്ങളിൽ കേരളത്തിൽ റിപ്പോർട്ട് ചെയ്ത അപകടങ്ങളിൽ ഏറ്റവും അപകടകരമായ റോഡുകൾ**(black spots)** ണ്ടെത്തുകയുണ്ടായി. വടക്കൻഞ്ചേരി അപകടം അത്തരത്തിൽ ഉള്ള ഒരു അപകട സ്ഥൂച്ചിൽ അണെന്ന് കണ്ടെത്തിയുട്ടുണ്ട് റോഡ് സേഫ്റ്റി ഓഡിറ്റ് ചെയ്ത്, അപകടങ്ങളുടെ കാരണങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനായി ഒരോ ജില്ലാ റോഡ് സുരക്ഷാ കൗൺസിലിനും പത്തുലക്ഷം രൂപ വെച്ച് നൽകുന്നതിന് തീരുമാനിച്ചു.
- ലഹരി ഉപയോഗിച്ച് ഡ്രൈവ്വ് ചെയ്യുന്നത് മൂലം ഉണ്ടാകുന്ന അപകടങ്ങൾ തടയുന്നതിനായി ക്യാമ്പസ് കേന്ദ്രീകരിച്ച് യുവജനങ്ങൾക്കായി സേഫ് ക്യാമ്പസ് പ്രോഗ്രാം എന്ന പേരിൽ ഒരു അവയർനസ് പ്രോഗ്രാം നടത്തുന്നതിന് തീരുമാനിച്ചു.
- ലഹരി ഉപയോഗിച്ചുള്ള വാഹനം ഓടിക്കുന്നത് പരിശോധിച്ചു കണ്ടെത്തുന്നതിനും അത് തടയുന്നതിനും ആയി ഒരു ആന്റി ഡ്രഗ് യൂസ് ക്യാമ്പയിൻ നടത്തുന്നതിനും, പരിശോധനയ്ക്ക് ആവശ്യമായ ഉപകരണം വാങ്ങുന്നതിനും മോട്ടോർ വാഹന വകുപ്പിന് നാലുകോടി രൂപ നൽകുന്നതിന് തീരുമാനിച്ചു.

| | | | | |
|---|---|---|---|---|
| | | | | • സുരക്ഷിതമായ റോഡ് ഉപയോഗത്തേയും ഡ്രൈവിങ്ങിനെയും കുറിച്ചുള്ള അവബോധം ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി വിവിധ മീഡിയകളിലൂടെ ഉള്ള റോഡ് സുരക്ഷാ അവബോധന പരിപാടികൾ നടത്തുന്നതിന് തീരുമാനിച്ചു.<br>• അപകടങ്ങൾ നടന്നാൽ അപകടത്തിൽപ്പെട്ടവരെ Golden Hour ഉള്ളിൽ ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള പ്രീ ഹോസ്പിറ്റൽ എമർജൻസി കേയർ സിസ്റ്റം നടപ്പാക്കുന്നതിനായി കേരളത്തിലെ എല്ലാ ആംബുലൻസുകളുടെയും ക്രോഡീകരണം നടത്തുന്നതിനായി തീരുമാനിച്ചു. ഇതിനായി മൊബൈൽ കേന്ദ്രീകൃതമായ ഒരു ആപ്പ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ **42** ബേസിക് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ, ആധുനിക ലൈവ് സപ്പോർട്ട് ഉള്ള ആംബുലൻസുകളായി മാറ്റുന്നതിന് **3.64** കോടി രൂപയും അനുവദിക്കുകയുണ്ടായി.<br>• ഇത്തരം അപകടങ്ങൾ ഇനി ആവർത്തിക്കാതിരിക്കുന്നതിന് ഒരു സമഗ്രമായ ആക്ഷൻ പ്ലാൻ തയാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

**2020- ലെ അവിനാശി ബസ് അപകടത്തെ തുടർന്ന് കേരള റോഡ് സുരക്ഷാ അതോറിറ്റി തുടർ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി 25.02.2020 ൽ കൂടിയ യോഗത്തിന്റെ തീരുമാനങ്ങൾ**

- മോട്ടോർ വാഹന വകുപ്പിലെയും പോലീസ് വകുപ്പിലെയും ഉദ്യോഗസ്ഥർ അടങ്ങുന്ന സംഘം 2023 മാർച്ച് ഒന്ന് മുതൽ കുറഞ്ഞത് 3 മാസത്തേക്ക് ട്രക്കുകളുടെ അച്ചടക്കവും റോഡരികിലെ അനധികൃത പാർക്കിംഗും സംബന്ധിച്ച പരിശോധന നടത്തണമെന്ന് യോഗത്തിൽ തീരുമാനിച്ചു. സംസ്ഥാന പോലീസ് മേധാവിയും ട്രാൻസ്പോർട്ട് കമ്മീഷണറും വഴി റോഡ് സുരക്ഷാ കമ്മീഷണറെ ഇത് നിരീക്ഷിക്കാൻ ചുമതലപ്പെടുത്തി.

- ട്രക്ക് ഡ്രൈവർമാർക്കും മറ്റ് ദീർഘദൂര യാത്രക്കാർക്കും വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്താൻ PWDക്കു നിർദേശം നൽകുകയുണ്ടായി.

- ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ ലേബർ കമ്മീഷണർ, ട്രാൻസ്പോർട്ട് കമ്മീഷണർ, റോഡ് സുരക്ഷാ കമ്മീഷണർ എന്നിവരടങ്ങുന്ന കമ്മിറ്റി രൂപീകരിച്ച് ട്രക്കുകളുടെ പ്രവർത്തനത്തിലെ വ്യവസ്ഥകളും നിയന്ത്രണങ്ങളും നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ട്രക്ക് ഡ്രൈവർമാരുടെ വർക്ക് ഷെഡ്യൂളും തയാറാക്കാൻ നിർദേശിച്ചു. 29/05/ 2020 തീയതിയിലെ GO (Rt) നം 170/ 2020 /TRANS പ്രകാരം ലേബർ വകുപ്പിന്റെ നേതൃത്വത്തിൽ, ലേബർ കമ്മിഷണർ കൺവീനറായും റോഡ് സുരക്ഷാ കമ്മിഷണർ, ഗതാഗത കമ്മിഷണർ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ഈ കമ്മിറ്റി ദീർഘദൂര വാഹന ഡ്രൈവർമാരുടെ ജോലി സമയം നിജപ്പെടുത്തൽ, ഡ്രൈവർമാരുടെ വിശ്രമം, തൊഴിൽ സാഹചര്യം സംബന്ധിച്ച വിഷയങ്ങൾ, രാത്രികാല ഡ്രൈവിംഗ് സംബന്ധിച്ച വിഷയങ്ങൾ ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കേണ്ട കാര്യങ്ങളും ഏർപ്പെടുത്തേണ്ടതുമായ മറ്റു നിയന്ത്രണങ്ങളും തുടങ്ങിയ വിഷയങ്ങൾ പരിഗണിച്ചു സർക്കാരിലേക്ക് ശുപാർശ നല്കാൻ നിർദേശിച്ചു. കമ്മിറ്റി വിഷയം പഠിച് സമഗ്രമായ റിപ്പോർട്ട് ഗവണ്മെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

- തുറമുഖ പരിസരത്ത് നിന്ന് പുറപ്പെടുന്നതിന് മുമ്പ് ട്രക്കിലേക്ക് കണ്ടെയ്നറുകൾ ശരിയായി ലോക്ക് ചെയ്യുന്നത് ഉറപ്പാക്കാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റിനോടും മറ്റ് തുറമുഖ അതോറിറ്റികളോടും ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

- ഡ്രൈവറുടെ പെരുമാറ്റത്തിന് സ്മാർട്ട് കാർഡ് അവതരിപ്പിക്കുന്നതിന് സി-ഡാക്കുമായി ചേർന്ന് നടപടികൾ ആരംഭിക്കാൻ മോട്ടോർ വാഹന വകുപ്പിനോട് ആവശ്യപ്പെട്ടു.

- ദേശീയ പെർമിറ്റ് വാഹനങ്ങളിൽ രണ്ട് ഡ്രൈവർ സംവിധാനം പുനഃസ്ഥാപിക്കുന്നതിന് സിഎംവി നിയമങ്ങളുടെ റൂൾ നമ്പർ 90 ഭേദഗതി ചെയ്യാൻ സർക്കാരിനോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചു